**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **28-07-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി പുതിയകാവ് ടി .ബി. ഹോസ്പിറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി പുതിയകാവ് ടി.ബി.ഹോസ്പിറ്റലിൽ ഇപ്പോൾ രോഗികളുടെ എണ്ണം വളരെ കുറവായതിനാൽ ഇതിന്റെ ഭൗതിക സാഹചര്യങ്ങൾ വെറുതെ കിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ നിലവിൽ മൂന്ന് കെട്ടിടങ്ങൾ ആണുള്ളത്. മൂന്ന് കെട്ടിടങ്ങളും രോഗികളുടെ വിവധ ക്ഷേമത്തിനായി ഉപയോഗിച്ച് വരികയാണ്. ആകയാൽ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ ഒന്നും തന്നെയില്ല. |
| (ബി) | ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥലപരിമിതി അനുഭവിക്കുന്ന മറ്റു വിഭാഗങ്ങളെ പുതിയകാവിലേയ്ക്ക് മാറ്റാൻ തടസ്സമുണ്ടോയെന്നറിയിക്കുമോ; | (ബി) | മേൽ സാഹചര്യം നിലവിലില്ലാത്തതിനാൽ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥലപരിമിതി അനുഭവിക്കുന്ന മറ്റ് വിഭാഗങ്ങളെ പുതിയകാവ് ആശുപത്രിയുടെ നിലവിലുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് തടസ്സമുണ്ട്. ടി.ബി ബാധിതരായ രോഗികളെ കിടത്തി ചികിത്സിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രിയായിട്ടാണ് പുതിയകാവ് ടി.ബി ആശുപത്രി പ്രവർത്തിക്കുന്നത്. കൊല്ലം ജില്ലയിലെ കൂടാതെ ആലപ്പുഴ, പത്തനംതിട്ട എന്നീ സമീപ ജില്ലകളിലെ രോഗികളെയും പുതിയകാവ് ടി.ബി ആശുപത്രിയിൽ പ്രവേശിപ്പിക്കാറുണ്ട്. ഇത് കൂടാതെ ടി.ബി യുടെ മാരക വകഭേദങ്ങളായ MDR-TB/XDR-TB എന്നിവ ബാധിച്ച രോഗികളെയും തുടർ ചികിത്സയ്ക്കായി ടി ആശുപത്രിയിൽ പ്രവേശിപ്പിക്കാറുണ്ട്. പ്രതിരോധശേഷി കുറവുള്ള രോഗികളായതിനാൽ മറ്റ് പകർച്ചവ്യാധികൾ ഉള്ളവരുമായി സമ്പർക്കത്തിൽ വന്നാൽ രോഗം പകരാനുള്ള സാദ്ധ്യത ടി.ബി ബാധിച്ചവരിൽ കൂടുതലാണ്. |
| (സി) | ഇപ്പോൾ ഈ ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്ന രോഗികളുടെ എണ്ണം എത്രയെന്നും എത്ര സ്ഥലമാണ് ഈ ആശുപത്രിക്കുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | നിലവിൽ 20 മുതൽ 30 വരെ രോഗികളെയാണ് ഇപ്പോൾ പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നത്. കോവിഡ് സാഹചര്യം കണക്കിലെടുത്ത് സാമൂഹ്യ അകലം പാലിക്കേണ്ടതിനാൽ കിടത്തി ചികിത്സ കുറച്ചിരിക്കുകയാണ്. 2.50 ഏക്കർ (രണ്ടര ഏക്കർ) സ്ഥലമാണ് പുതിയകാവ് ടി.ബി ആശുപത്രിക്കുള്ളത്. |

സെക്ഷൻ ഓഫീസർ